## പതിനാലാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2154 — 01.02.2018 — ൽ മറുപടിക്ക്

## റേഷൻ കാർഡുകൾക്ക് പ്രത്യേക നിറം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ജി.എസ്.ജയലാൽ**<br>**,, ആർ. രാമചന്ദ്രൻ**<br>**,, വി.ആർ. സുനിൽ കുമാർ**<br>**ശ്രീമതി സി.കെ. ആശ :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)** |
| (എ) പാവപ്പെട്ടവന്റെയും പണക്കാരന്റെയും റേഷൻ കാർഡുകൾ പ്രത്യേക നിറം നൽകി വേർതിരിക്കുന്ന പ്രവണത അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) പി.ഡി.എസ് കൺട്രോൾ ഓർഡർ, 2015 ലെ ക്ലോസ് (5) പ്രകാരം മുൻഗണനാ / എ.എ.വൈ. ഗുണഭോക്താക്കൾക്ക് സംസ്ഥാന സർക്കാർ വ്യത്യസ്തമായ കാർഡുകൾ നൽകണമെന്ന് നിഷ്കർഷിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രത്യേകം തിരിച്ചറിയുന്നതിന് വേണ്ടിയാണ് വ്യത്യസ്ത നിറം നൽകിയിട്ടുള്ളത്. മുൻഗണന / മുൻഗണനേതര പട്ടികകൾ കുറ്റമറ്റതാക്കിക്കൊണ്ട് 'സ്മാർട്ട് കാർഡ്' നൽകുവാനാണ് നിശ്ചയിച്ചിട്ടുള്ളത്. ആ സന്ദർഭത്തിൽ നിറവ്യത്യാസത്തിന്റ പ്രശ്നങ്ങൾ അവസാനിക്കും. |
| (ബി) റേഷൻ കാർഡുകളുടെ അച്ചടിയും, വിതരണവും പൂർത്തിയാക്കിയോ; | (ബി) റേഷൻ കാർഡുകളുടെ അച്ചടി പൂർത്തിയാക്കിയിട്ടുണ്ട്. വിതരണം 98.4% പൂർത്തിയാക്കിയിട്ടുണ്ട്. |
| (സി) റേഷൻ കാർഡില്ലാത്തവർക്ക് പുതിയ റേഷൻകാർഡുകൾ വിതരണം ചെയ്യുന്നത് നിറുത്തിവച്ചിട്ട് എത്രകാലമായെന്ന് വ്യക്തമാക്കുമോ; | (സി) 07/2014- ലാണ് റേഷൻ കാർഡില്ലാത്തവർക്ക് പുതിയ റേഷൻകാർഡ് വിതരണം നിർത്തലാക്കിയത്. |
| (ഡി) റേഷൻകാർഡ് വിതരണം പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) റേഷൻകാർഡ് വിതരണം ഉടൻ പുനരാരംഭിക്കുന്നതാണ്. |
| (ഇ) റേഷൻകാർഡ് അച്ചടിക്കും വിതരണത്തിനും എത്രരൂപ ചെലവായി എന്നറിയിക്കുമോ? | (ഇ) റേഷൻകാർഡ് അച്ചടിക്കും വിതരണത്തിനുമായി 54.36 കോടി രൂപ ചെലവായിട്ടുണ്ട്. |

*സെക്ഷൻ ഓഫീസർ*